Art No:6003
VKC stile
For the whole family
VETKESY RUBBER INDUSTRIES PVT. LTD.

2009 ആഗസ്ത് 2 ഞായർ


# വർത്തമാനം

VARTHAMANAM MALAYALAM DAILY PUBLISHED FROM KOZHIKODE, KOCHI AND DOHA
കോഴിക്കോട് വാല്യം 7 ലക്കം 211 പേജ് 10+4 വില 3.50 രൂപ

FAROOK COLLEGE LIB...
DATE.......

Malabar Diabetes Foundation
Health Safety Security
Malabar Diabetes Foundation & R...
(A Group Concern of Malabar Eye Hospital...
C.H. Hospital Building, East Nadakkav...
Ph: (0495) 2766956, 2786280,...

# വിടവാങ്ങി



മലപ്പുറം: ജീവിത നന്മകളുടെ സമൃദ്ധികൊണ്
നേതൃത്വത്തിലും ആത്മീയ മേഖലയിലും തിളങ്ങിന
ക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ അന്തരി
സ്സായിരുന്നു. ഇന്നലെ രാത്രി 8.40ന് മലപ്പുറത്തെ
ആശുപത്രിയിലായിരുന്നു അന്ത്യം. ശനിയാഴ്ച്ച
കുളിമുറിയിൽ തെന്നി വീണതിനെതുടർന്ന് ആശ
പ്രവേശിപ്പിച്ചതായിരുന്നു.

പ്രമേഹബാധിതനായിരുന്ന തങ്ങൾക്ക്
തടസവുമുണ്ടായിരുന്നു. ഖബറടക്കം ഇന്ന് വൈക
പാണക്കാട് ജുമാമസ്ജിദ് ഖബർസ്ഥാനിൽ. മരണ
മകൻ മുനവ്വറലി ശിഹാബ് തങ്ങൾ, മുസ്‌ലിം ലീഗ്
ജനറൽ സെക്രട്ടറി പി കെ കുഞ്ഞാലിക്കുട്ടി ത
അടുത്തുണ്ടായിരുന്നു.

പക്വതയാർന്ന വാക്കുകളും വിവേകപൂർണ്ണമായ
ങ്ങളും കൊണ്ട് രാഷ്ട്രീയവേദിയിൽ വേറിട്ടുനിന്ന
തങ്ങൾ കഴിഞ്ഞ മുപ്പത്തിമൂന്ന് വർഷമായി മുസ്‌ലി
സംസ്ഥാന പ്രസിഡന്റ് പദവി അലങ്കരിക്കുന്നു. മുന
സംസ്ഥാന മുൻ പ്രസിഡന്റ് പി എം എസ് എ പൂക്കോ
ളുടെ മകനായി 1936 മെയ് നാലിനാണ് ശിഹാബ് ത
ച്ചത്. അലവിയ്യ കുഞ്ഞിബീവിയാണ് മാതാവ്.

പാണക്കാട് ഡി എം ആർ ടി സ്കൂൾ, കോഴിക്കോ
ഹൈസ്കൂൾ എന്നിവടങ്ങളിൽ നിന്ന് സ്കൂൾ വി
പൂർത്തിയാക്കി. 1953 മുതൽ 1958 വരെ തോഴന്നൂ
ത്തൂർ എന്നീ പ്രശസ്ത ദർസുകളിൽ നിന്ന് മ
പൂർത്തിയാക്കി. 1958-ൽ ലോകപ്രശസ്തമായ ഈ
അൽ-അസ്ഹർ സർവകലാശാലയിൽ ചേർ
വർഷത്തെ പഠനം കൊണ്ട് ഇസ്‌ലാമിക വിജ്ഞാ
ഉന്നതബിരുദം കരസ്ഥമാക്കി. 1961 മുതൽ 1966 വ
യൂണിവേഴ്സിറ്റിയിൽ പഠനം നടത്തി. ചരി
ണത്തോടൊപ്പം അറബി സാഹിത്യത്തിൽ മാസ്റ്റർ
നേടി. പില്കാലത്ത് മാലിദ്വീപ് പ്രസിഡന്റായ
അബ്ദുൽ ഖയ്യൂം, മാലി വിദേശകാര്യമന്ത്രിയായ
ജമീൽ തുടങ്ങിയവർ ശിഹാബ് തങ്ങളുടെ സഹപ
രുന്നു.

1975 സെപ്തംബർ ഒന്നിനാണ് ശിഹാബ് തങ്ങ
ജൂലായ് ആറിന് പിതാവ് പി എം എസ് എ പൂക്കോ
നിര്യാതനായതിനെ തുടർന്നാണ് ശിഹാബ് തങ്ങ
യുടെ സംസ്ഥാന പ്രസിഡന്റ് പദവിയിലേക്ക് നി
ത്. മുപ്പത്തിയൊൻപതാമത്തെ വയസിലാണ് ശിഹാ
ലീഗിന്റെ സംസ്ഥാന അധ്യക്ഷ പദവിയിലെത്തിയ
ചരിത്രത്തിലെ എക്കാലത്തെയും പ്രായം കുറഞ്ഞ
കൂടിയായിരുന്നു തങ്ങൾ. ഇതേവരെ പ്രസിഡന്റ് പദ
മറ്റൊരാളെ ചിന്തിക്കാൻ പോലുമാകാത്ത വിധം
മുന്നോട്ട് കൊണ്ടുപോകുന്നതിൽ അസാമാന്യമാ
ശിഹാബ് തങ്ങൾ കാണിച്ചു. പ്രതിസന്ധികളിൽ
പാർട്ടിയെ മുന്നോട്ട് നയിക്കുന്നതിലും കൂടുതൽ
പാർട്ടിക്കും യു ഡി എഫിനും നല്കുന്നതിലും ത
സേവനങ്ങൾ എക്കാലത്തും വിലമതിക്കുന്നതാണ

ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് പ്രസിഡ
സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളുടെ മ
ഫാത്തിമ ബീവിയായിരുന്നു ഭാര്യ. രണ്ടര വർഷ
അന്തരിച്ചു.

സുഹ്റ ബീവി, ഫൈറൂസ് ബീവി, സമീറ
ബഷീറലി ശിഹാബ് തങ്ങൾ, സയ്യിദ് മുനവറ
തങ്ങൾ എന്നിവരാണ് മക്കൾ. സയ്യിദ് നാസർ മ
(കണ്ണൂർ), സയ്യിദ് ലുഖ്മാൻ തങ്ങൾ (സഊദി),
ഹൈദ്രോസ് തങ്ങൾ (കൊയിലാണ്ടി), ഷെമീ
ണ്ണൂർ), ഫാത്തിമ ഹനിയ്യ (കൊയിലാണ്ടി) എന്ന
ക്കൾ. നാന്നൂറിലേറെ പള്ളികളുടെ ഖാസി സ്ഥാ
ജാമിഅ നൂരിയ്യ അറബി കോളെജ്, എം ഇ എ
റിംങ് കോളെജ്, വളാഞ്ചേരി മർകസുൽ ത
ഇസ്‌ലാമിയ്യ തുടങ്ങി പ്രശസ്തമായ അൻപത
ഭ്യാസ സ്ഥാപനങ്ങളുടെയും അനാഥാലയങ്ങള
ഡന്റ് പദവി കൂടി ശിഹാബ് തങ്ങൾ അലങ്കരിച്ച

GOLD • DIAMONDS • BIRTHSTONES
ചുങ്കത്ത്
ജ്വല്ലറി
... ഗോൾഡ് സൂപ്പർമാർക്കറ്റ്

പേജ്
6, 7

വിളക്കണഞ്ഞു;
വെളിച്ചം ബാക്കിയായി

വിഭാഗീയതയില്ലാത്ത
വിശാല മനസ്സ്

നഷ്ടപ്പെട്ടത് എന്റെ
സഹോദരൻ: കരുണാ

# വിളക്കണഞ്ഞു; വെളിച്ചം ബാക്കിയായി

വഹീദ് സമാൻ/മലപ്പുറം

**പാ**ണക്കാട്ടെ കൊടപ്പനക്കൽ തറവാട്ടിന്റെ ഗേറ്റിൽ ഒരിക്കൽ പോലും ഒരു കാവൽക്കാരൻ ഉണ്ടായിരുന്നില്ല. അടച്ചിടാനാണെങ്കിൽ ഈ തറവാടിന് ഗേറ്റും ഉണ്ടായിരുന്നില്ല. സംശയത്തിന്റെ ഒരു ചെറുനോട്ടം കൊണ്ടുപോലും ഒരാളും തടയാനില്ലാത്ത തറവാട്ടുമുറ്റം. തിളച്ചുമറിയുന്ന പ്രശ്നങ്ങളുമായി ഏത് പാതിരാവിലും ആർക്കും ഇവിടെക്ക് കയറിവരാം. പ്രശ്നങ്ങളുടെ കെട്ടുമായി കയറിവരുന്നവർക്ക് മുന്നിൽ ആശ്വാസത്തിന്റെ തെളിനീരുറവയുമായി പൂമുഖത്തേക്ക് പ്രസാദമധുരമായ ചിരിയുമായി ഇറങ്ങിവരാറുള്ള മുഖം. വിവാദങ്ങൾ തിളച്ചുമറിയുന്ന രാഷ്ട്രീയ കേരളത്തിൽ ഒരു വിവാദവും പാണക്കാട്ടെ പടികടക്കാറില്ലായിരുന്നു. ആത്മീയ കേരളത്തിലും എതിർവാക്കുകളില്ലാത്ത ഒരേയൊരു നേതാവ്. ഓർമ്മകളുടെ കൂടാരങ്ങളിൽ ശിഹാബ് തങ്ങളുടെ മുഖത്തിന് എത്രയെത്ര ഭാവങ്ങൾ.

പ്രസാദമധുരമൂറുന്ന മുഖവുമായല്ലാതെ പ്രിയപ്പെട്ട ശിഹാബ് തങ്ങളെ ഒരാൾക്കും കാണാൻ കഴിഞ്ഞിട്ടില്ല. നൂറായിരം പ്രശ്നങ്ങളാണ് പാണക്കാട്ടെ കൊടപ്പനക്കൽ തറവാട്ടിൽ ഒത്തുതീർന്നത്. എട്ടുമൂലയുള്ള മേശയുടെ പിറകിലിരുന്നു തങ്ങൾ അഴിക്കാത്ത കേസുകെട്ടുകളില്ല. പൊട്ടിത്തെറിക്കാവുന്ന കുടുംബപ്രശ്നങ്ങൾ മുതൽ സങ്കീർണ്ണമായ രാഷ്ട്രീയപ്രശ്നങ്ങൾ വരെ തങ്ങളുടെ സാന്നിധ്യത്തിൽ ഈ തുറന്ന കോടതിയിൽ അലിഞ്ഞുതീർന്നിരുന്നു. പോർവിളിയുമായെത്തിയവർ പാണക്കാട്ടെ തറവാട്ടിൽ നിന്ന് ഇറങ്ങിവരുന്നത് സഹോദരങ്ങളെ പോലെയായിരുന്നു. പാണക്കാട്ടെ ഈ പതിവുകാഴ്ച്ചകൾക്ക് ഒരിക്കൽ പോലും വ്യത്യാസമുണ്ടായിരുന്നില്ല.

ജീവിതത്തിന്റെ ചെങ്കുത്തായ വഴികളിൽ ഇടറുന്ന കാലുകളോടെ യാത്രതുടരുന്നവർ, സമാശ്വാസം തേടി അലയുന്നവർ, ചിരി വറ്റിയ മുഖവുമായി എത്തിയവർ.....എല്ലാവരും ഈ മുറ്റത്തേക്ക് എത്തുന്നു. മനുഷ്യരുടെ സംഘർഷങ്ങൾക്ക് മേൽ സമാശ്വാസത്തിന്റെ മഴത്തുള്ളികളായിരുന്നു ശിഹാബ് തങ്ങളുടെ വാക്കുകൾ. ഏത് പ്രതിസന്ധികളെയും തന്റെ സാന്നിധ്യം കൊണ്ട് അലിയിച്ചെടുക്കാൻ ശിഹാബ് തങ്ങൾക്ക് സാധിക്കുമായിരുന്നു. 1992-ൽ ബാബരി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ നാട് കത്തിയെരിയാൻ പാകത്തിലായിരുന്നു. ആത്മസംയമനം പാലിക്കുക എന്ന ഒറ്റവാക്ക് കൊണ്ട് തീക്കനലുകൾ കെട്ടുപോയി. അതായിരുന്നു തങ്ങളുടെ സാന്നിധ്യം. അനാഥത്വത്തിന്റെ കണ്ണീർമുഖങ്ങളിൽ ശിഹാബ് തങ്ങളുടെ കൈകൾ വാത്സല്യത്തിന്റെ സാന്ത്വനമേകി.

പാണക്കാട്ടെ വസതിയിൽ നിന്ന് ശിഹാബ് തങ്ങളുടെ യാത്രകൾ മണിമേടകളിലേക്കായിരുന്നില്ല. വരാന്തയിലെ വട്ടമേശയിൽ അലസമായി വെച്ചിരുന്ന ഡയറിയിൽ ആർക്കും തിയ്യതി കുറിച്ചിടാം. മക്കളുടെ കല്യാണത്തിന്റെ, പള്ളിയുടെ ഉദ്ഘാടനത്തിന്റെ, കച്ചവടസ്ഥാപനത്തിന്റെ ഉദ്ഘാടനത്തിന്റെ... ഓരോ ദിവസത്തെയും ഡയറി നോക്കി തങ്ങൾ അവിടെ എത്തിയിരിക്കും. തങ്ങളുടെ കൈപ്പടയിൽ ഈ ഡയറിയിൽ ഒന്നുമുണ്ടാകാറില്ല. എല്ലാം വ്യത്യസ്തമായ കൈപ്പടകളിൽ. തങ്ങളുടെ ദിനചരികൾ നിശ്ചയിച്ചിരുന്നത് നാട്ടുകാരായിരുന്നു. അവർക്കിടയിലേക്ക് തെളിഞ്ഞ പുഞ്ചിരിയുമായി തങ്ങൾ കടന്നുചെന്നു. ആ ചിരിയാണ് പാണക്കാട്ടെ കൊടപ്പനക്കൽ തറവാട്ട് മുറ്റത്ത് നിന്ന് ജനമനസുകളിലേക്ക് കുടിയേറിയിരിക്കുന്നത്.

രാഷ്ട്രീയകേരളത്തിന്റെ അവസാനവാക്ക് കൂടിയായിരുന്നു തങ്ങൾ. ഇവിടെ വന്ന് കയറാത്ത രാഷ്ട്രീയനേതാക്കളില്ല. ഇ എം എസ്, അച്യുതമേനോൻ, കരുണാകരൻ, പി കെ വി, സി എച്ച്, ആന്റണി തുടങ്ങി രാഷ്ട്രപതി കെ ആർ നാരായണൻ, ഇന്തോനേഷ്യൻ മുൻ പ്രസിഡന്റ് അബ്ദുറഹ്മാൻ വാഹിദ് തുടങ്ങിയവർ അവരിൽ ചിലർ മാത്രം.

തങ്ങൾ ഒരു വിളക്ക് കൊളുത്തിവെച്ചിരുന്നു. അത് സമാധാനത്തിന്റേതായിരുന്നു,ക്ഷമയുടെതായിരുന്നു, സ്നേഹത്തിന്റെ വിളക്കുമാടമായിരുന്നു. വെളിച്ചം ബാക്കിയാക്കി വിള



ശിഹാബ് തങ്ങളുടെ മയ്യിത്ത് പാണക്കാട്ടെ വസതിയിൽ എത്തിച്ചപ്പോൾ മകൻ മുനവ്വറലി ശിഹാബ് തങ്ങൾ, സഹോദരൻ ഹൈദരലി ശിഹാബ് തങ്ങൾ, പി കെ കുഞ്ഞാലികുട്ടി, പി വി അബ്ദുൽ വഹാബ് എന്നിവർ സമീപം

## നേതാക്കൾ അനുശോചിച്ചു

മുഖ്യമന്ത്രിയും
പ്രതിപക്ഷനേതാവും

